(ഡി) തദ്ദേശ സ്വയംഭരണ മന്ത്രി ചാർജ്ജ് തിരിച്ചേറ്റെടുത്തശേഷം ഇതിൽ ഏതെങ്കിലും സ്ഥലം മാറ്റങ്ങൾ റദ്ദുചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി 25-5-2005 മുതൽ 14-6-2005 വരെ വൈദ്യശുശ്രൂഷയ്ക്കായി അവധിയിലായിരുന്നു.

(ബി) പ്രസ്തുത കാലയളവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതല വ്യവസായ വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിനാണ് നൽകിയിരുന്നത്.

(സി) ഇല്ല.

എന്നാൽ നഗരകാര്യ വകുപ്പിൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലുള്ള 174-ഓളം ജീവനക്കാരെ യു. ഡി. ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയും അതോടനുബന്ധിച്ച് 28 പേരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ പി. എസ്. സി. മുഖാർശ ചെയ്ത 229 എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർമാരെ പുതുതായി നിയമിച്ചിട്ടുമുണ്ട്. പ്രസ്തുത കാലയളവിൽ പഞ്ചായത്ത് വകുപ്പിലെ താഴെപ്പറയും പ്രകാരം ഉള്ള സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുണ്ട്:-

1. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി: 12 എണ്ണം
2. ജൂനിയർ സൂപ്രണ്ട്: 1 എണ്ണം
3. ലോവർ ഗ്രേഡ് സെക്രട്ടറി: 1 എണ്ണം
4. അസിസ്റ്റന്റ് എഞ്ചിനീയർ: 2 എണ്ണം
5. യു. ഡി. ക്ലാർക്ക്: 63 എണ്ണം.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

താമരശ്ശേരി സി.എച്ച്.സി. യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

153 [1747] *ശ്രീ. സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ താമരശ്ശേരി സി.എച്ച്.സി.യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഇതിനെ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഈ സമാപനത്തിൽ ഇപ്പോൾ പുതിയ ഒ. പി. ബ്ലോക്ക്, ജറിയാട്രിക് വാർഡ്, മോർച്ചറി, എക്സ്റേ കെട്ടിടം, പുരുഷൻമാരുടെ വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കെട്ടിടങ്ങൾ ഉൾപ്പെടെ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കിയശേഷം താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നെടുമ്പന ടി. ബി. ആശുപത്രി

154 [1748] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമ്പന ടി. ബി. ആശുപത്രിയെ ജില്ലാ ടി. ബി. ആശുപത്രിയായി ഉയർത്തുന്നതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

നെടുമ്പന ആശുപത്രി നിലവിൽ 75 കിടക്കകളുള്ള ഒരു ഗവൺമെന്റ് ആശുപത്രിയാണ്. ഇവിടെ ടി. ബി. വാർഡും പ്രവർത്തിച്ചുവരുന്നു. ഇത് താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള വിശദമായ ശുപാർശ സമർപ്പിക്കാൻ കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

155 [1749] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എക്സ്റേ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly